നിർത്തലാക്കിയ കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോകൾ

64 [551] ശ്രീ. ലൂഡി ലൂയിസ്:
„ വർക്കല കഹാർ:
„ കെ.എ. ചന്ദ്രൻ:
„ ഇ. എം. അഗസ്തി:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ മന്ത്രിസഭയുടെ കാലത്ത് എത്ര കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോകൾ നിർത്തലാക്കി;

(ബി) അവയിൽ കോൺഗ്രസ് എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലങ്ങളിൽപ്പെടുന്നവ എത്രയെണ്ണമുണ്ടായിരുന്നു;

(സി) മുൻ മന്ത്രിസഭയുടെ കാലത്ത് നിർത്തലാക്കിയ എത്ര കെഎസ്.ആർ.ടി.സി. സബ് ഡിപ്പോകൾ പുനരാരംഭിക്കാൻ കഴിഞ്ഞു;

(ഡി) ബാക്കിയുള്ളവ എന്ന് പുനരാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 17 സബ് ഡിപ്പോകളിലെ എ.ടി.ഒ.-മാരെ പിൻവലിക്കുകയും ഓഫീസ് പ്രവർത്തനം ഭാഗീകമായി കുറയ്ക്കുകയും ചെയ്തിരുന്നു.

(ബി) പതിനൊന്ന്.

(സി) ഭാഗീകമായി പ്രവർത്തനം കുറച്ച 17 സബ് ഡിപ്പോകളുടെ പ്രവർത്തനവും പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കായംകുളത്തുനിന്നുള്ള സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി

65 [552] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുനിന്നും പന്തളത്തേയ്ക്കും അടൂരിനുമുള്ള സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കാത്തതുകാരണം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സർവ്വീസുകൾ എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റേ സർവ്വീസുകൾ പുനരാരംഭിച്ചു കഴിഞ്ഞു.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly